**G7 ഉച്ചകോടിക്കിടെ പ്രധാനമന്ത്രി മെക്സിക്കൻ പ്രസിഡന്റുമായി കൂടിക്കാഴ്ച നടത്തി (ജൂൺ 17, 2025)**

ജൂൺ 17, 2025

കാനഡയിലെ കനനാസ്കിസിൽ നടക്കുന്ന G7 ഉച്ചകോടിക്കിടെ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി ഇന്ന് മെക്സിക്കൻ പ്രസിഡന്റ് ഡോ. ക്ലോഡിയ ഷെയിൻബോം പാർഡോയുമായി കൂടിക്കാഴ്ച നടത്തി. രണ്ട് നേതാക്കളും തമ്മിലുള്ള ആദ്യ കൂടിക്കാഴ്ചയായിരുന്നു ഇത്. മെക്സിക്കൻ പ്രസിഡന്റിന്റെ ചരിത്ര വിജയത്തിൽ പ്രധാനമന്ത്രി അഭിനന്ദനം അറിയിച്ചു.

2. ഭീകരവാദത്തിനെതിരായ ഇന്ത്യയുടെ പോരാട്ടത്തിൽ മെക്സിക്കോ നൽകിയ പിന്തുണയ്ക്ക് പ്രസിഡന്റ് ഷെയിൻബോമിനോട് പ്രധാനമന്ത്രി നന്ദി പറഞ്ഞു. ഇന്ത്യയും മെക്സിക്കോയും തമ്മിലുള്ള സൗഹൃദത്തിന്റെ ചരിത്രപരമായ ബന്ധങ്ങൾ ഉയർത്തിക്കാട്ടി, വ്യാപാരം, നിക്ഷേപം, സ്റ്റാർട്ടപ്പുകൾ, ഇന്നൊവേഷൻ, ശാസ്ത്ര-സാങ്കേതികവിദ്യ, ഓട്ടോമോട്ടീവ് എന്നീ മേഖലകളിൽ ബന്ധങ്ങൾ കൂടുതൽ വികസിപ്പിക്കുന്നതിനും ജനങ്ങൾ തമ്മിലുള്ള വിനിമയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി പ്രവർത്തിക്കാൻ ഇരു നേതാക്കളും തമ്മിൽ ധാരണയായി. ഇരു രാജ്യങ്ങൾക്കുമിടയിൽ വളർന്നുവരുന്ന വ്യാപാര, നിക്ഷേപ സഹകരണത്തിൽ നേതാക്കൾ സംതൃപ്തി പ്രകടിപ്പിച്ചു, 'നിയർ-ഷോറിങ്ങു'മായി ബന്ധപ്പെട്ടു മെക്സിക്കോ വാഗ്ദാനം ചെയ്യുന്ന അവസരങ്ങളും നേതാക്കൾ ചർച്ച ചെയ്തു. മിതമായ നിരക്കിൽ ഗുണമേന്മയുള്ള മരുന്നുകളും മറ്റ് ഔഷധ ഉൽപ്പന്നങ്ങളും വിതരണം ചെയ്യുന്നതിലും ഉൽപ്പാദിപ്പിക്കുന്നതിലും ഇന്ത്യയ്ക്ക് പ്രധാന പങ്ക് വഹിക്കാൻ കഴിയുന്ന ഫാർമസ്യൂട്ടിക്കൽ മേഖലയിലെ വർദ്ധിച്ചുവരുന്ന അവസരങ്ങൾ ചർച്ചയിൽ പ്രധാന വിഷയമായി, കാർഷിക, സമഗ്ര ആരോഗ്യ മേഖലകളിലെ അവസരങ്ങളും ചർച്ചകളിൽ ഇടംപിടിച്ചു.

3. സാങ്കേതികവിദ്യ, നൂതനാശയം, ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യങ്ങൾ എന്നിവയിൽ ഇന്ത്യ കൈവരിച്ച പുരോഗതിയെ പ്രസിഡന്റ് ഷെയിൻബോം അഭിനന്ദിക്കുകയും ഈ മേഖലകളിൽ ഇന്ത്യയുമായുള്ള സഹകരണത്തിന് ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തു. സെമികണ്ടക്ടറുകൾ, AI, ക്വാണ്ടം, നിർണായക ധാതുക്കൾ

എന്നീ മേഖലകളിൽ ഇരു രാജ്യങ്ങളും സഹകരണം പര്യവേക്ഷണം ചെയ്യണമെന്ന് പ്രധാനമന്ത്രി അടിവരയിട്ടു. ഇരുപക്ഷത്തെയും ചിന്തകരുടെ (തിങ്ക്-ടാങ്ക്) സമൂഹങ്ങൾ തമ്മിലുള്ള വരാനിരിക്കുന്ന ഇടപെടലുകളും വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്ന ഇരുരാജ്യങ്ങളും തമ്മിലുള്ള ഊർജ്ജസ്വലമായ സാംസ്കാരിക ബന്ധവും ജനങ്ങൾ തമ്മിലുള്ള ബന്ധങ്ങളും നേതാക്കൾ എടുത്തുപറഞ്ഞു.

4. പങ്കാളി രാജ്യങ്ങൾ എന്ന നിലയിൽ, ആഗോള, പ്രാദേശിക വിഷയങ്ങളെക്കുറിച്ചും ഗ്ലോബൽ സൗത്തിന്റെ മുൻഗണനകളെക്കുറിച്ചും നേതാക്കൾ കാഴ്ചപ്പാടുകൾ കൈമാറി. 2016-ലെ മെക്സിക്കോ സന്ദർശനം പ്രധാനമന്ത്രി സ്നേഹപൂർവ്വം ഓർക്കുകയും, പ്രസിഡന്റ് ഷെയിൻബോമിനെ ഇന്ത്യ സന്ദർശിക്കാൻ ക്ഷണിക്കുകയും ചെയ്തു.

**കനനാസ്കിസ്**

**ജൂൺ 17, 2025**